# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3899 | 12.12.2018 ൽ മറുപടിക്ക്

### സി.എം.അബ്ദുല്ല മൗലവിയുടെ ദുരൂഹമരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ .എ.നെല്ലിക്കുന്ന് | പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) 2010 ഫെബ്രുവരി 15 ന ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട മംഗലാപുരം-ചെമ്പിരിക്ക സംയുക്ത ഖാസിയും പ്രമുഖ വാഗ്മിയുമായിരുന്ന സി.എം. അബ്ദുല്ല മൗലവിയുടെ കുടുംബാംഗങ്ങളും ആക്ഷൻ കമ്മിറ്റി അംഗങ്ങളും കാസർകോട് പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് നടത്തിവരുന്ന അനിശ്ചിതകാല സത്യാഗ്രഹം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സത്യാഗ്രഹത്തിന്റെ ലക്ഷ്യ മെന്താണെന്നും തുടങ്ങിയത് മുതൽ നാളിതുവരെ സമരപ്പന്തലിൽ അഭിവാദ്യം അർപ്പിക്കാൻ വന്ന വ്യക്തികളും സംഘടനകളും ആരെല്ലാം/ഏതെല്ലാ മാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സത്യഗ്രഹം രണ്ട് മാസം പിന്നിടാറാകുമ്പോൾ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് എന്തെങ്കിലും ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ജില്ലാ ആസ്ഥാനത്തിന്റെ ഹൃദയ ഭാഗത്ത് വിവിധ തുറകളിലെ ജനങ്ങളുടെ സഹകരണ ത്തോടെയും പിന്തുണയോടെയും നടത്തുന്ന സമരവുമായി ബന്ധപ്പെട്ട് സർക്കാർ അനുരഞ്ജന നിലപാട് സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) സി.ബി.ഐ അന്വേഷണത്തിൽ സർക്കാരിനു ഇടപെടാൻ നിയമപരമായി കഴിയുകയില്ല.

(ഡി) ഖാസിയുടെ ദുരൂഹ മരണത്തെക്കുറിച്ച് സംസ്ഥാന പോലീസിന്റെ ഏതെല്ലാം ഏജൻസികൾ അന്വേഷിച്ചിരുന്നുവെന്നും

(ഡി) 15.02.2010 തീയതി മുതൽ 01.03.2010 തീയതി വരെ ലോക്കൽ പോലീസ് അന്വേഷണം നടത്തിയിരുന്നു. തുടർന്ന് 07.03.2010 മുതൽ

| | | | |
|---|---|---|---|
| | അന്വേഷണത്തിന് ഓരോ ഏജൻസിയും എടുത്ത കാലാവധി എത്രയാണെന്നും റിപ്പോർട്ടുകൾ എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | | ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തിയിട്ടുണ്ട്. 31.08.2010 തീയതി മുതൽ സി.ബി.ഐ അന്വേഷണം നടത്തി വരുന്നു. |
| (ഇ) | കേസ്സ് സി.ബി.ഐ പുനരന്വേഷി ക്കണമെന്ന കോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാരിന് ചെയ്യാനുള്ള കാര്യങ്ങൾ എന്താണെന്നും ഇപ്പോൾ നടന്നുവരുന്ന സത്യഗ്രഹം അവസാനിപ്പിക്കാൻ അവശ്യമായ ഇടപെടലുകൾ നടത്തുമോയെന്നും വ്യക്തമാക്കാമോ? | (ഇ) | സി.ബി.ഐ അന്വേഷണത്തിൽ സർക്കാരിനു ഇടപെടാൻ നിയമപരമായി കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ